# മുന്നറിയിപ്പ് ! The Warning!

**പുതിയ പ്രവചനങ്ങൾ, ഈശോയുടെ രണ്ടാമത്തെ വരവുവരെയുള്ള ആഗോള സംഭവങ്ങൾ വെളിപ്പെടുത്തുന്നു.**



ഗരബന്താൾ എന്ന സ്ഥലത്ത് പരിശുദ്ധ കന്യകാമറിയം 1961 ൽ പ്രവചിച്ച
*മനസ്സാക്ഷിയുടെ പ്രോജ്വലനം* -ലോകത്തിന്റെ രക്ഷയ്ക്കായി ഉടൻ നിറവേറും.

## മുന്നറിയിപ്പ്

*യൂറോപ്യൻ ദാർശനികയ്ക്ക് ലഭിച്ച പുതിയ പ്രവചനങ്ങൾ, മുന്നോട്ട് വരാനിരിക്കുന്ന ആഗോള സംഭവങ്ങൾ വെളിപ്പെടുത്തുന്നു.*

## ഈ മുന്നറിയിപ്പ് എന്തുകൊണ്ട് സംഭവിക്കുന്നു?

- ദൈവത്തിന്റെ അസ്തിത്വം എല്ലാവർക്കും തെളിയിച്ചുകൊടുക്കുവാനായി.
- എല്ലാവരേയും സത്യത്തിന്റെ വഴിയിലേക്കും ഈശോയിലേക്കും തിരികെ കൊണ്ടുവരുവാനായി.
- മാനസാന്തരത്തിലൂടെ, ലോകത്തിലുള്ള തിന്മയുടെയും പാപത്തിന്റെയും പ്രഭാവം കുറയ്ക്കുവാനായി.
- അന്ത്യവിധിയുടെ ദിനത്തിനുമുൻപ്, നമ്മൾ ചെയ്തുപോയിട്ടുള്ള പാപങ്ങൾക്ക് മാപ്പുചോദിക്കുവാനുള്ള ഒരു അവസരം നൽകി രക്ഷിക്കപ്പെടുവാനായി.
- ഇതുപോലുള്ള മഹത്തായ ഒരു കാരുണ്യപ്രവർത്തി ഇല്ലായിരുന്നെങ്കിൽ, വീണ്ടെടുപ്പിനുള്ള അവസരം ഉണ്ടാകുമായിരുന്നില്ലാത്ത അവിശ്വാസികളുടെ മനസ്സുതിരിവിനുവേണ്ടി.
- വിശ്വാസികളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി.

## മുന്നറിയിപ്പിന്റെ നേരത്ത് എന്ത് സംഭവിക്കും.

- ഏഴു വയസ്സിനു മുകളിലേക്കുള്ള എല്ലാവരും, 15 മിനിറ്റ് നേരത്തോളം, ഈശോയുമായി, നിഗൂഢവും സ്വകാര്യവുമായ ദർശനത്തിന്റെ ഒരു അനുഭവം ഉണ്ടാകും.
- ജനങ്ങളെ സത്യത്തിലേക്ക് തിരികെ മാനസാന്തരപ്പെടുത്തി കൊണ്ടുവരുവാനായി, പിതാവായ ദൈവത്തിൽ നിന്നുള്ള ഒരു സമ്മാനമാണിത്. വിധിയുടെ അവസാനദിവസം ഏതുവിധമാണെന്ന് വെളിപ്പെടുന്നതിങ്ങനെയായിരിക്കും. പക്ഷേ, ഇപ്പോൾ നീ ശിക്ഷിക്കപ്പെടുകയില്ല. മറിച്ച്, തെറ്റുകൾക്ക് മാപ്പപേക്ഷിക്കുവാനായി നിനക്ക് ഒരവസരം നൽകപ്പെടുന്നതായിരിക്കും.
- രണ്ട് വാൽ നക്ഷത്രങ്ങൾ ആകാശത്ത് കൂട്ടിയിടിക്കും.
- ഭൂകമ്പത്തേക്കാളും ഭീകരമായ ഒരു മഹാവിപത്തായി ജനങ്ങൾ ഇതിനെ കാണും. എന്നാൽ ഇത് അങ്ങനെയായിരിക്കുകയില്ല. ഈശോ വന്നു എന്നതിന്റെ ഒരു അടയാളമായിരിക്കും ഇത്.
- ആകാശം ചുവന്ന നിറമാകുവയും, തീക്കുണ്ഡം പോലെ തോന്നിക്കുകയും ചെയ്യും. ആദ്യം, നിങ്ങളെ ഒരുക്കുവാനായി, അപ്പോൾ ആകാശത്തിൽ വലിയ ഒരു ക്രൂശിതരൂപം നിങ്ങൾ കാണും.
- ഇത് സാർവ്വ ലൗകികമായ ഒരു മിഥ്യാബോധമായിരുന്നെന്ന് നിരീശ്വരവാദികൾ പറയും. യുക്തിപരമായ ഒരു വിശദീകരണത്തിനായി ശാസ്ത്രജ്ഞർ പരതും, പക്ഷേ അങ്ങനെയൊന്ന് ഉണ്ടായിരിക്കുകയില്ല.
- ഇത് വളരെ ഗംഭീരമായിരിക്കും, എന്നാൽ നമ്മെ മുറിവേൽപ്പിക്കില്ല, കാരണം, ഈശോയുടെ കരുണയുടെയും സ്നേഹത്തിന്റെയും ഒരു പ്രകടനമായിട്ടാണ് ഇത് വരുന്നത്.
- നമ്മുടെ പാപങ്ങൾ നമുക്ക് കാണിച്ചുതരും. അവ നമുക്ക് വെളിപ്പെട്ടുകഴിയുമ്പോൾ, അഗാധമായ ദുഖവും ലജ്ജയും നമുക്ക് തോന്നുവാനിടയാക്കും. മറ്റു ചിലർ, അവരുടെ പാപങ്ങൾ വെളിപ്പെടുത്തപ്പെടുന്നതിന്റെ ആഘാതവും, വെറുപ്പും വഴി, മാപ്പപേക്ഷിക്കുവാൻ അവസരം ലഭിക്കാതെ തന്നെ, മരിച്ചുവീഴും.
- എല്ലാവരും അവരുടെ ആത്മാവിന്റെ അവസ്ഥ, ദൈവത്തിന്റെ മുൻപിൽ കാണും -അവരുടെ ജവിതത്തിൽ അവർ ചെയ്ത നന്മകൾ; മറ്റുള്ളവർക്കു വരുത്തിവച്ചിട്ടുള്ള സങ്കടങ്ങൾ; നിറവേറ്റേണ്ട കാര്യങ്ങൾ ചെയ്യാതിരുന്നത്; അങ്ങനെ എല്ലാം ...
- അനേകർ കമിഴ്ന്നുവീണ്, ആശ്വാസത്തിന്റെ കണ്ണീർ പൊഴിക്കും – സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും കണ്ണീർ; ആശ്ചര്യത്തിന്റെയും സ്നേഹത്തിന്റെയും കണ്ണീർ.
- എന്തുകൊണ്ടെന്നാൽ, ഒടുവിൽ നമ്മൾ മുഴുവൻ സത്യവും അറിയുമ്പോൾ, ഇനിമേൽ ഒരു പുതുജീവിതം നയിക്കുവാൻ സാധിക്കുന്നതായിരിക്കും.
- ചാവുദോഷത്തിലായിരിക്കുകയും, ആഘാതം മൂലം മരണപ്പെടുകയും ചെയ്യുന്ന ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഈശോ എല്ലാവരോടും ഇപ്പോൾ പറയുന്നു. എല്ലാവരും ഇപ്പോൾ തയ്യാറെടുക്കേണ്ടതുണ്ട്. ഈ മുന്നറിയിപ്പിന് മുൻകൂറായിത്തന്നെ, എല്ലാവരും അവരുടെ പാപങ്ങൾക്ക് ക്ഷമ യാചിക്കണമെന്ന് ഈശോ പറയുന്നു.

*കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. :* **www.TheWarningSecondComing.com**